# മുംബൈയിലെ ഖബ്ർസ്ഥാൻ നിഷേധം

**മുംബൈ** തീവ്രവാദി ആക്രമണത്തിനിടയിൽ സുരക്ഷാസേനയാൽ വധിക്കപ്പെട്ട ഭീകരന്മാരുടേതെന്നു പറയപ്പെടുന്ന ഒമ്പത് ജഡങ്ങൾ നഗരത്തിലെ ഏതെങ്കിലും മുസ്‌ലിം ശ്മശാനത്തിൽ മറമാടാൻ പോലീസ് ശ്രമിക്കുകയുണ്ടായി. പക്ഷേ മുംബൈ മുസ്‌ലിംകൾ അതു സമ്മതിച്ചില്ല. തങ്ങളുടെ പ്രിയപ്പെട്ട നഗരത്തിനെതിരെയുണ്ടായ ഭീകരാക്രമണത്തിൽ പ്രാദേശിക മുസ്‌ലിംകൾക്കുള്ള ദുഃഖവും പ്രതിഷേധവും പ്രകടിപ്പിക്കുകയായിരുന്നു ഈ ശ്മശാന നിഷേധത്തിലൂടെ എന്നാണ് പോലീസും മാധ്യമങ്ങളും അതിനെപ്പറ്റി കൊണ്ടുപിടിച്ച് പ്രചരിപ്പിക്കുന്നത്. തീവ്രവാദത്തോടും ഭീകരപ്രവർത്തനങ്ങളോടും മുസ്‌ലിം സമുദായത്തിന് അടങ്ങാത്ത രോഷവും പ്രതിഷേധവുമുണ്ടെന്നത് ശരിയാണ്. മുംബൈ മുസ്‌ലിംകൾ മാത്രമല്ല, ഇന്ത്യൻ മുസ്‌ലിംകൾ മൊത്തത്തിൽ പങ്കിടുന്ന പൊതുവികാരമാണത്. എന്നാൽ ഭീകരന്മാരുടെ ജഡങ്ങൾക്ക് ഖബ്ർസ്ഥാൻ നിഷേധിച്ച നടപടി സംബന്ധിച്ച് പോലീസും പത്രങ്ങളും നടത്തുന്ന പ്രചാരണത്തിന് ആപത്കരമായ ദുഷ്ടലാക്കുള്ളതായി മുസ്‌ലിംകൾ ആശങ്കിക്കുന്നു. ഭീകരന്മാരുടെ വിശ്വാസത്തോടുള്ള ആദരവായിരുന്നില്ല അവരുടെ ജഡങ്ങൾ മുസ്‌ലിം ശ്മശാനത്തിൽ സംസ്കരിക്കണമെന്നാവശ്യപ്പെടാൻ ഉത്തരവാദപ്പെട്ടവരെ പ്രേരിപ്പിച്ചത്. കൊല്ലപ്പെട്ട ഭീകരന്മാരെല്ലാവരും മുസ്‌ലിംകൾ ആണെന്ന് സമുദായത്തെക്കൊണ്ട് അംഗീകരിപ്പിക്കുകയായിരുന്നു അവരുടെ ലക്ഷ്യം. അത് മനസ്സിലാക്കിത്തന്നെയാണ് മുംബൈ മുസ്‌ലിംകൾ പോലീസിന്റെ ആവശ്യം നിരസിച്ചത്. എവിടെ നിന്നോ വന്ന് എന്തിനോ വേണ്ടി രാജ്യത്തെ ആക്രമിച്ച ഏതോ ഭീകരന്മാരെല്ലാം മുസ്‌ലിംകളാണെന്ന് സാക്ഷ്യപ്പെടുത്തേണ്ട കാര്യം തങ്ങൾക്കില്ലെന്ന് അവർ തീരുമാനിച്ചു.

എന്നാൽ ഇതു സംബന്ധിച്ച് പോലീസും പത്രങ്ങളും നടത്തുന്ന പ്രചാരണത്തിന്റെ ലക്ഷ്യം ഭീകരന്മാർ മുസ്‌ലിംകളാണെന്ന് അംഗീകരിച്ചുകൊണ്ടുതന്നെ അവരുടെ പ്രവർത്തനത്തോടുള്ള പ്രതിഷേധം മൂലമാണ് മുംബൈ മുസ്‌ലിംകൾ അവർക്ക് ഖബ്ർസ്ഥാൻ നിഷേധിച്ചതെന്ന ധാരണ പരത്തുകയാണ്. ഈ കൊല്ലപ്പെട്ടവർ മുസ്‌ലിംകളാണെന്ന് സമ്മതിക്കാൻ മുംബൈയിലെ മതപണ്ഡിതന്മാരോ സാധാരണ മുസ്‌ലിംകളോ ഒരിക്കലും തയാറായിട്ടില്ല എന്നതാണ് യാഥാർഥ്യം. കൊല്ലപ്പെട്ടവരെ മുസ്‌ലിംകളായി അംഗീകരിക്കാൻ പോലീസും രാഷ്ട്രീയ നേതൃത്വവും സമ്മർദം ചെലുത്തുകയുണ്ടായി എന്നതു ശരിയാണ്. പക്ഷേ അവർ വഴങ്ങിയില്ല. ഡിസംബർ 2ന് ചേർന്ന മുസ്‌ലിം പണ്ഡിതന്മാരുടെയും നേതാക്കളുടെയും സമ്മേളനം, കൊല്ലപ്പെട്ട ഭീകരന്മാർ മുസ്‌ലിംകളല്ല എന്ന് ഔദ്യോഗികമായി പ്രഖ്യാപിക്കുകയാണ് ചെയ്തത്. അമ്പതോളം പ്രമുഖർ പങ്കെടുത്ത യോഗം, ഈ ജഡങ്ങൾ ഇന്ത്യയിൽ എവിടെയും സംസ്കരിക്കരുതെന്നും ഏതു നാട്ടിൽനിന്നാണോ അവർ വന്നത് ആ നാട്ടിലേക്കുതന്നെ അയക്കുകയാണ് വേണ്ടതെന്നും നിർദേശിക്കുകയുമുണ്ടായി. മുംബൈ സംഭവത്തെ ആഴമേറിയ ഗൂഢാലോചനയുടെ ഫലമായി വിലയിരുത്തിയ യോഗം ഭീകരന്മാർ വന്നത് പാകിസ്താനിൽനിന്നാണോ ഇസ്രയേലിൽനിന്നാണോ അമേരിക്കയിൽനിന്നാണോ എന്ന് നിശിതമായ അന്വേഷണത്തിലൂടെ സ്ഥിരീകരിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

ധീരമായ ഈ തീരുമാനത്തിലൂടെയും പ്രഖ്യാപനത്തിലൂടെയും സ്വന്തം ദീർഘദൃഷ്ടിയും മതാഭിമാനവും സമകാലിക രാഷ്ട്രീയാവസ്ഥയെ സംബന്ധിച്ച അവബോധവും സ്ഥിരപ്പെടുത്തിയ മുംബൈ മുസ്‌ലിംകൾ അഭിനന്ദനമർഹിക്കുന്നു. ഖബ്ർസ്ഥാൻ പ്രശ്നത്തിൽ അവർ അൽപം ചാഞ്ചല്യം കാണിച്ചിരുന്നുവെങ്കിൽ മുംബൈ ആക്രമണം ഇസ്‌ലാമിന്റെയും മുസ്‌ലിം സമുദായത്തിന്റെയും കണക്കിലെഴുതിക്കാൻ വെമ്പൽ കൊള്ളുന്ന അമേരിക്കയും ഇസ്രയേലും അടക്കമുള്ള തൽപരകക്ഷികൾക്ക് അത് ഏറെ സഹായകമാകുമായിരുന്നു.

ഗൂഢാലോചകരുടെ മാർഗങ്ങളും തന്ത്രങ്ങളും എപ്പോഴും അതിസൂക്ഷ്മങ്ങളും അവ്യക്തവുമായിരിക്കും. അവരവലംബിക്കുന്ന മാനസികവും വൈകാരികവുമായ ആയുധങ്ങളുടെ യാഥാർഥ്യം മനസ്സിലാക്കുക സാധാരണഗതിയിൽ ഏറെ ദുഷ്കരമാണ്. നേരത്തെ ഇതുപോലൊരു കെണിയിൽ ഇന്ത്യൻ മുസ്‌ലിംകൾ വീണുപോയിട്ടില്ലേ എന്ന് ന്യായമായും സംശയിക്കേണ്ടതുണ്ട്. ഓരോ ഭീകര സംഭവമുണ്ടാകുമ്പോഴും അതിൽ ഇസ്‌ലാമിനും മുസ്‌ലിംകൾക്കും ഉത്തരവാദിത്വമില്ല എന്നു വിളിച്ചുപറയാൻ കാണിച്ച ബദ്ധപ്പെടാണത്. 'ഇസ്‌ലാം ഭീകരതക്കെതിരാണ്. ഖുർആൻ അതനുവദിക്കുന്നില്ല. ഭീകരപ്രവർത്തനത്തിലേർപ്പെടുന്നവർ ഇസ്‌ലാമിനെ അപകീർത്തിപ്പെടുത്തുകയും മുസ്‌ലിം സമുദായത്തെ ആപത്തിലകപ്പെടുത്തുകയുമാണ് ചെയ്യുന്നത്.' ഇപ്പറഞ്ഞതിലൊന്നും ആർക്കും ഒരു തർക്കവുമില്ല. പക്ഷേ ഓരോ സംഭവത്തിനു പിന്നാലെയും ഇതിങ്ങനെ ആവർത്തിക്കണമോ? വേണമെന്നാണ് മുസ്‌ലിം വിരുദ്ധ ശക്തികൾ കരുതുന്നത്. ഓരോ സംഭവത്തിലെയും പ്രതികൾ മുസ്‌ലിംകളാണെന്ന സാക്ഷ്യം മുസ്‌ലിംകളിൽനിന്നുതന്നെ ലഭിക്കണമെന്ന അവരുടെ ഇംഗിതം സഫലമാവുകയാണ് അതുവഴി. പിന്നെ ആ രൂപരേഖയിൽ നിറങ്ങൾ ചാർത്തുക അനായാസമാണ്. സാങ്കൽപികമായ 'ഇസ്‌ലാമിക ഭീകര സംഘടന'കൾ നിർലോഭം സൃഷ്ടിക്കപ്പെടുകയും ഭർത്സിക്കപ്പെടുകയും ചെയ്യുന്നു. അവയുടെ മാതൃസംഘടനകളെന്നോ പോഷക ഘടകങ്ങളെന്നോ ആരോപിച്ച് നിലവിലുള്ള സംഘടനകളെയും അധിക്ഷേപിക്കുന്നു. നൂറുകണക്കിന് നിരപരാധികൾ പിടികൂടപ്പെടുകയും കഠിനമായി പീഡിപ്പിക്കപ്പെടുകയും ചെയ്യുന്നു. മുംബൈ മുസ്‌ലിംകൾ ഈ കെണിയിൽ വീഴാതിരുന്നത് ആശ്വാസകരംതന്നെ. മുംബൈ ഭീകരാക്രമണാനന്തരം പതിവുപോലുള്ള മുസ്‌ലിംവേട്ടയും സമുദായ ഭർത്സനവും ഉണ്ടായിട്ടില്ല എന്നതും ശ്രദ്ധേയമാണ്. ■